**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5930 08/07/2013-ൽ മറുപടിയ്ക്ക്

## ജൈവകൃഷി വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>,, പി. കെ. ബഷീർ<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, എൻ. എ. നെല്ലിക്കുന്ന് | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ജൈവ കൃഷി വികസനത്തിലൂടെ ഒരു തനത് ആഗോള ബ്രാന്റ് വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യ ഘട്ടം പ്രവർത്തനങ്ങൾ ഏതുവരെയായി എന്നതിന്റെ വിശദവിവരം നല്കാമോ; | എ) 2010 വർഷം മുതൽ കാസർഗോഡ് ജില്ല ജൈവ ജില്ലയായി മാറി. 2012-13 സാമ്പത്തിക വർഷം മുതൽ ജൈവ കൃഷി പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്നു. 3482.54 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുകയും, 6072 കർഷകർ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. 52 ഗ്രൂപ്പുകൾ രൂപീകരിക്കുകയും, 30 പ്രദർശന തോട്ടങ്ങൾ നടപ്പിലാക്കുകയും, 3393 കംപോസ്റ്റ് യൂണിറ്റുകളും, 184 മണ്ണിര കംപോസ്റ്റുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജൈവ ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിന് വേണ്ടി ജൈവ സർട്ടിഫിക്കേഷൻ ലഭിക്കേണ്ടതുണ്ട്. |
| ബി) ഇതുമായി ബന്ധപ്പെട്ട് ഗവേഷണ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) കാർഷിക കോളേജ്, പടന്നക്കാട്, ഐ.ഐ.ഐ.റ്റി.ഐ.കെ., മലപ്പുറം കാർഷിക വിജ്ഞാന കേന്ദ്രം, കാസർഗോഡ് കാർഷിക വിജ്ഞാന കേന്ദ്രം, ഹൈദ്രബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജമെന്റ്, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കീടനിരീക്ഷണ ഗവേഷണം നടത്തുന്നതിന് 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| സി) ആദ്യഘട്ട പ്രവർത്തനത്തിന് താലൂക്കുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ; | സി) 2012-13 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ 24 പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും 2013-14 സാമ്പത്തിക വർഷത്തിൽ ആകെയുള്ള 41 പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) പദ്ധതി വിജയകരമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഡി) കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**